പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1593

21/01/2014- ൽ **മറുപടിക്ക്**

**മുനിസിപ്പൽ പെൻഷൻ വിതരണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ മഞ്ഞളാംകുഴി അലി.<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) മുനിസിപ്പൽ കോർപ്പറേഷൻ പെൻഷൻകാർക്ക് സമയബന്ധിതമായി പെൻഷൻ വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) മുനിസിപ്പൽ കോർപ്പറേഷൻ പെൻഷൻകാർക്ക് സമയബന്ധിതമായി പെൻഷൻ വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഗരസഭകൾക്ക് പെൻഷൻ അലോട്ട്മെന്റ് നൽകുന്നതിനായി സർക്കാർ 70 കോടി രൂപ പ്രത്യേകമായി അനുവദിച്ചു നൽകുകയും ടി തുക നഗരസഭകൾക്ക് വിതരണം ചെയ്തിട്ടുള്ളതുമാണ്. |
| (ബി ഇതു സംബന്ധിച്ച് മുൻമന്ത്രി കുട്ടി അഹമ്മദ് കുട്ടിയുടെ നേതൃത്വത്തിലുള്ള സമിതി സമർപ്പിച്ച ശുപാർശകളുടെ സംക്ഷിപ്തം ലഭ്യമാക്കാമോ; | (ബി) ശ്രീ.കുട്ടി അഹമ്മദ് കുട്ടിയുടെ നേതൃത്വത്തിലുള്ള സമിതി സമർപ്പിച്ച ശുപാർശ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) പ്രസ്തുത ശുപാർശകൾ നടപ്പിൽ വരുത്തുന്നതിനുള്ള തടസ്സമെന്താണ് ; | (സി) പ്രസ്തുത ശുപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഡി) മുനിസിപ്പൽ കോർപ്പറേഷൻ പെൻഷനേഴ്സ് ഫെഡറേഷൻ എന്ന സംഘടനയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഇതു സംബന്ധിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ ? | (ഡി) ഇല്ല. അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

ശ്രീ. കുട്ടി അഹമ്മദ് കുട്ടി കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന ശുപാർശകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

a) നഗരസഭാ ജീവനക്കാരുടെ പെൻഷൻ വിതരണം ട്രഷറി മുഖേന നടപ്പാക്കണമെന്ന് ശുപാർശ ചെയ്യുന്നു.

b) ഈ ആവശ്യത്തിലേക്ക് മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി കണക്കാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്നും ശുപാർശ ചെയ്യുന്നു.

c) നിലവിൽ നഗരസഭകൾ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ നഗരകാര്യ ഡയറക്ടറുടെ പെൻഷൻ ഫണ്ടിൽ അടച്ചുകൊണ്ടിരിക്കുന്ന 15% തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടയ്ക്കുന്നതിനും നഗരകാര്യ ഡയറക്ടറുടെ പെൻഷൻ അക്കൗണ്ടിൽ ശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനും ആവശ്യ ഉത്തരവുകൾ/ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

d) പെൻഷൻ പറ്റി പിരിയുന്ന ജീവനക്കാരുടെ പെൻഷൻ പേപ്പറുകൾ നിലവിലുള്ളതുപോലെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് വെരിഫിക്കേഷൻ റിപ്പോർട്ട് നഗരകാര്യ ഡയറക്ടർക്ക് നൽകുകയും നഗരകാര്യ ഡയറക്ടർ പെൻഷൻ അനുവദിച്ച് അക്കൗണ്ടന്റ് ജനറലിനെ അറിയിക്കുന്ന മുറയ്ക്ക് അക്കൗണ്ടന്റ് ജനറൽ പെൻഷൻ പെയ്മെന്റ് ഓർഡർ /ഗ്രാറ്റുവിറ്റി പെയ്മെന്റ് ഓർഡർ നൽകുന്ന രീതിയിലുള്ള നടപടിക്രമങ്ങൾക്ക് ആവശ്യമായ ഉത്തരവിന് ശുപാർശ ചെയ്യുന്നു.

e) നിലവിൽ പെൻഷൻ പറ്റി പിരിഞ്ഞവരുടെ വിവരങ്ങൾ നഗരകാര്യ ഡയറക്ടർ അക്കൗണ്ടന്റ് ജനറലിനെ അറിയിക്കുകയും കുടിശ്ശിക ഉൾപ്പെടെയുള്ള പെൻഷൻ ട്രഷറി മുഖേന വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾക്കാവശ്യമായ ഉത്തരവുകൾക്കും ശുപാർശ ചെയ്യുന്നു.

f) നഗരസഭാ ജീവനക്കാരുടെ ശമ്പള വിതരണ കാര്യത്തിൽ നിലവിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ ശമ്പളം നൽകുന്ന രീതി അവലംബിച്ച് തനത് ഫണ്ട് / ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നൽകാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു.